"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - മലപ്പുറം ജില്ലയിലെ നിലമ്പൂർ ജി.എം.വി.എച്ച്.എസ്.എസ്- ലെ ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ ആയിരിക്കെ അന്തരിച്ച കൃഷ്ണദാസൻ.എൻ-ന്റെ മകൾ ശ്രീമതി.അഖില എൻ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ മലപ്പുറം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിതനിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.55/2026/GEDN തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. 24.05.1999-ലെ സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി
2. 14.06.2022-ലെ സ.ഉ.(കൈ) നം.105/2022/പൊ.വി.വ
3. 29.03.2025-ലെ സ.ഉ.(അ) നം.4/2025/പി&എആർഡി
4. 09.11.2025-ലെ സ.ഉ.(അ) നം.15/2025/പി&എആർഡി
5. 31.12.2025-ൽ ശ്രീമതി അഖില എൻ സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ നിലമ്പൂർ ജി.എം.വി.എച്ച്.എസ്.എസ്-ലെ ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ ആയിരിക്കെ അന്തരിച്ച കൃഷ്ണദാസൻ.എൻ-ന്റെ മകൾ ശ്രീമതി. അഖില എൻ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ മലപ്പുറം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിതനിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (1) ലെ ഖണ്ഡിക (33) പ്രകാരം ക്ലാർക്ക് (വിവിധം) തസ്തികയിലെ ഒഴിവുകളിലേയ്ക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി.അഖില എൻ പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.അഖില എൻ-ന് ആശ്രിത നിയമനം ലഭ്യമായിട്ടില്ലാത്തതിനാൽ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 33 പ്രകാരം പരാമർശം (5) ലെ അപേക്ഷ പരിഗണിച്ച് സീനിയോരിറ്റി നിലനിർത്തിക്കൊണ്ട് ടിയാളെ ക്ലാർക്ക് (വിവിധം) തസ്തികയുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി പരാമർശം (3), (4) എന്നിവ പ്രകാരം ശ്രീമതി. അഖില എൻ ന്റെ വിവരങ്ങൾ പൊതുഭരണ (സർവീസസ്-ഡി) വകുപ്പിന് നല്കുന്നതിലേയ്ക്കായി ടിയാൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ മലപ്പുറം ജില്ലയിൽ ക്ലാർക്ക്

തസ്തികയിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടുള്ള പരാമർശം (2) ഉത്തരവ് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാകളക്ടർ, മലപ്പുറം

വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം

ഹെഡ് മിസ്ട്രസ്, ജി.എം.വി.എച്ച്.എസ്.എസ്, നിലമ്പൂർ, മലപ്പുറം

ശ്രീമതി.അഖില എൻ, ശ്രേയസ് ഹൗസ്, കോവിലകത്തുമുറി, നിലമ്പൂർ, മലപ്പുറം (സ്പീഡ് പോസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

നോഡൽ ഓഫീസർ, കൈറ്റ് (webupdates@kite.kerala.gov.in)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
Date: 09-03-2026 16:24:23

സെക്ഷൻ ഓഫീസർ

*പകർപ്പ്: പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*